"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണം -തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയം - ജീവനക്കാര്യം - ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി.ബിനു.എം.സയാനി (PEN: 100549)-യെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1455/2026/LSGD തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:-

1. 10.05.2013 തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ
2. സ.ഉ.(അച്ചടി) നം.580/2013/ധന തീയതി 28.11.2013
3. 15.07.2017-ലെ Spl-E2/64/2017/GAD നം സർക്കുലർ
4. സ.ഉ.(സാധാ) നം.1791/2025/തസ്വഭവ തീയതി 21.07.2025
5. 16.06.2026 ലെ 2799799/ADMN-A2/136/2024-FIN നമ്പർ അനൗദ്യോഗിക കുറിപ്പ്
6. ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറിയുടെ 26.05.2026 ലെ എ1/2322/2025/ഒബിഡിഎൻ നമ്പർ കത്ത്.

## ഉത്തരവ്

ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. വിജയകുമാർ.ബി (PEN: 100652), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിൽ ഫിനാൻസ് ഓഫീസറായി സേവനമനുഷ്ഠിച്ചു വരുന്ന അന്യത്രസേവന കാലാവധി 28.07.2026-ൽ അവസാനിക്കുകയും, കാലാവധി നീട്ടിത്തുടരുവാൻ അദ്ദേഹം സന്നദ്ധത അറിയിക്കാത്തതിനാലും, പ്രസ്തുത തസ്തികയിലേക്ക് പകരം ഉദ്യോഗസ്ഥനെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (5) പ്രകാരം ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറി അറിയിക്കുകയും, പ്രസ്തുത തസ്തികയിലേക്ക് ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി.ബിനു.എം.സയാനി (PEN: 100549)-യെ ഒരു വർഷ കാലയളവിൽ അന്യത്ര സേവന വ്യവസ്ഥയിൽ പരാമർശം (3) പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (5) പ്രകാരം ധനകാര്യ വകുപ്പ് അഭ്യർഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി.ബിനു.എം.സയാനി (PEN:100549)-യെ കേരള സർവീസ് റൂൾസ് ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓബുഡ്സ്മാൻ ചട്ടങ്ങളിലെ ചട്ടം 6 പ്രകാരവും അന്യത്ര സേവനം

സംബന്ധിച്ച പരാമർശം (1), (3) സർക്കുലറുകളുടെയും, പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ 29.07.2026 മുതൽ ഒരു വർഷത്തേയ്ക്ക് നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI T R

അണ്ടർ സെക്രട്ടറി

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
4) ധനകാര്യ (ഭരണം എ) വകുപ്പ് (ഭരണം. എ2/136/2024-ധന)
5) പൊതുഭരണ (സ്പെഷ്യൽ ഇ 2) വകുപ്പ് (E2/194/2026-GAD)
6) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7) വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8) കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA4/69/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Pradeep Kumar. C. O
Date: 06-08-2026
16:27:16